പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1651 18/06/2012 - ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് ധനസഹായ നിഷേധം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ : | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിലുൾപ്പെടുന്ന വക്കം, ചെറുന്നിയൂർ, മണമ്പൂർ പഞ്ചായത്തുകളിൽ ഓരോന്നിലും എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇവർക്ക് ഭവനനിർമ്മാണം, വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്ക് സഹായം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മത്സ്യത്തൊഴിലാളികളുടെ എണ്ണം, ബന്ധപ്പെട്ട ആക്ട് പ്രകാരം ഫിഷറീസ് വില്ലേജ് തിരിച്ചാണ് എടുക്കപ്പെട്ടിട്ടുള്ളത്. ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിലുൾപ്പെട്ട വക്കം, ചെറുന്നിയൂർ, മണമ്പൂർ എന്നീ പഞ്ചായത്തുകളിലോരോന്നിലും പ്രത്യേകമായി മത്സ്യത്തൊഴിലാളികളുടെ എണ്ണം ലഭ്യമല്ല. മേൽ പഞ്ചായത്തുകളുൾപ്പെടുന്ന തിരുവനന്തപുരം ജില്ലയിൽ 52511 മത്സ്യത്തൊഴിലാളികൾ ഉണ്ട്. അർഹരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭവന നിർമ്മാണം, വിദ്യാഭ്യാസം എന്നിവയ്ക്ക് ഫിഷറീസ് വകുപ്പിൽ നിന്നും ധനസഹായം നൽകുന്നുണ്ട്. ഹൃദ്രോഗം, വൃക്ക രോഗം, കാൻസർ, തലച്ചോറിലെ ട്യൂമർ, തളർവാതം, മാനസിക രോഗം എന്നിവയ്ക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി കേരള ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡ് വഴി നടപ്പിലാക്കുന്നു. |

ഇതിനുപുറമേ അപകടം മൂലമുള്ള ചികിത്സാ സഹായം ഇൻഷ്വറൻസ് പദ്ധതി വഴിയും നടപ്പിലാക്കുന്നു. അർഹരായ മത്സ്യതൊഴിലാളികൾക്ക് ധനസഹായം നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണം, വിദ്യാഭ്യാസം, ചികിത്സ എന്നിയ്ക്ക് സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

(ബി) സ്വന്തമായി വീടില്ലാത്ത, കുടുംബമായി താമസിക്കുന്ന, ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡിൽ അംഗത്വമുള്ള, സ്വന്തമായി ഭൂമിയുള്ള മത്സ്യത്തൊഴിലാളികൾക്കാണ് ഭവന നിർമ്മാണ ധനസഹായം നൽകുന്നത്. അംഗീകൃത മത്സ്യത്തൊഴിലാളികളുടെ മക്കൾക്കാണ് വിദ്യാഭ്യാസാനുകൂല്യം നൽകുന്നത്. SC/ST വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും നൽകാമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ചികിത്സാ ധനസഹായം കേരള ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡ് മുഖേനയാണ് നൽകി വരുന്നത്.

1. മാരകരോഗ ചികിത്സാപദ്ധതിക്ക് സഹായം ലഭിക്കുന്നതിന് അപേക്ഷകൻ 23 വയസ്സിനും 60 വയസ്സിനും മദ്ധ്യേ പ്രായമുള്ളതും, ക്ഷേമനിധി ബോർഡിൽ അംഗമായിരിക്കേണ്ടതും ബോർഡ് വിഹിതമടച്ച് അഞ്ചു വർഷമെങ്കിലും പൂർത്തിയായിരിക്കേണ്ടതുമാണ്.
2. വാർഷിക വരുമാനം 15,000/- രൂപയിൽ കൂടാൻ പാടില്ലാത്തതാണ്.

3. സർക്കാർ ആശുപത്രിയിലേയും സഹകരണ ആശുപത്രിയിലേയും ചികിത്സയ്ക്കും, സർക്കാർ ആശുപത്രിയിൽ നിന്നു റഫർ ചെയ്യുന്ന കേസുകളിൽ സ്വകാര്യ ആശുപത്രിയിലെ ചികിത്സക്കും ധനസഹായം അനുവദിക്കുന്നതാണ്.

4. ഇൻഷ്വറൻസ് ധനസഹായ പദ്ധതി പ്രകാരം അപകടം മൂലം സംഭവിക്കുന്ന അവശതയ്ക്ക് പരമാവധി 20,000/- രൂപ ധന സഹായമായി അനുവദിക്കുന്നതാണ്. ആയതിന് നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, ഡോക്ടർ സർട്ടിഫിക്കറ്റ്, ബില്ലുകൾ, ഡിസ്ചാർജ്ജ് സമ്മറി ഉൾപ്പെടെ ഫിഷറീസ് ഓഫീസർ വഴി അപേക്ഷ ഫണ്ട് ബോർഡിന് സമർപ്പിക്കേണ്ടതാണ്. ധനസഹായത്തിന് ഒരു ദിവസത്തിൽ കുറയാതെ ഇൻപേഷ്യന്റ് ആയി ചികിത്സ നടത്തിയിരിക്കേണ്ടതാണ്.

Regi Rajendran

സെക്ഷൻ ഓഫീസർ